# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 7 — 30/11/2015 ൽ മറുപടിക്ക്

### പി.എസ്.സി. നിയമനങ്ങൾ

**ചോദ്യം :**

ശ്രീ. കെ. എസ്. ശബരീനാഥൻ
ശ്രീ. വി. റ്റി. ബൽറാം;
ശ്രീ. പി.സി. വിഷ്ണുനാഥ്
ശ്രീ. ഷാഫി പറമ്പിൽ

**ഉത്തരം :**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) ഈ സർക്കാരിന്റെ കാലത്ത് പി.എസ്.സി നിയമനത്തിൽ റിക്കാർഡ് നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആധുനിക സാങ്കേതിക വിദ്യ ഉപയുക്തമാക്കി തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങളുടെ വേഗതയും കൃത്യതയും വർദ്ധിപ്പിച്ചു മുന്നോട്ടുപോകുകയാണ്. ഇതിന്റെ ഫലമായി വിജ്ഞാപനം മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം വരെയുള്ള നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും കൂടുതൽ ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതി നിയമനം ലഭിക്കുന്ന തസ്തികകളായ എൽ.ജി.എസ്, എൽ.ഡി.സി, അസിസ്റ്റന്റ് /ഓഡിറ്റർ തസ്തികകളുടെ നിയമനത്തിൽ ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തന്നെ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. യൂണിഫോംഡ് ഫോഴ്സ് തസ്തികകളുടെ നിയമനം വർഷാവർഷം നടത്തി വരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചരിത്ര നേട്ടം എന്നു വിശേഷിപ്പിക്കാവുന്ന വിധത്തിൽ അസിസ്റ്റന്റ് /ഓഡിറ്റർ തസ്തികയുടെ നിയമനത്തിനായി അപേക്ഷ സമർപ്പിച്ച 5,17,364 പേർക്ക് 16.05.2015 ന് OMR പരീക്ഷ നടത്തി. 04.07.2015 ന് 5,30,157 അപേക്ഷകർ ഉണ്ടായിരുന്ന Secretary - Block Panchayat തസ്തിക, 489941 (4,89,610+316+15) അപേക്ഷകർ ഉണ്ടായിരുന്ന Municipal Secretary Grade III തസ്തിക എന്നിവയ്ക്കായി പരീക്ഷ നടത്തുകയുണ്ടായി. 27 വർഷത്തോളം പഴക്കമുണ്ടായിരുന്ന

3000–ലേറെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കി യിട്ടുണ്ട്. 18.05.2006 മുതൽ 30.10.15 വരെയുള്ള പി.എസ്.സിയുടെ പ്രവർത്തന അവലോകന പട്ടിക അനുബന്ധമായി ചേർക്കുന്നു.

(ബി) എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് പരീക്ഷാ സമ്പ്രദായത്തിൽ പി. എസ്. സി വരുത്തിയിട്ടുള്ളത് ;

(ബി) ഓൺലൈൻ പരീക്ഷാ സമ്പ്രദായം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ആവിഷ്ക്കരി ച്ചിട്ടുണ്ട്. ഓൺലൈൻ പരീക്ഷയിലൂടെ തെരഞ്ഞെടുപ്പിന്റെ വേഗതയും, കൃത്യതയും കൂടുതൽ ഉറപ്പു വരുത്തുവാൻ സാധിക്കുന്നു. വനിതാ ഉദ്യോഗാർത്ഥികൾക്ക് അവരവർ ആവശ്യപ്പെടുന്ന താലൂക്കിൽ തന്നെ പരീക്ഷ യെഴുതുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്. വിജ്ഞാപനങ്ങളിൽ തന്നെ പരീക്ഷാതീയതി പ്രസിദ്ധീകരിക്കുന്ന സംവിധാനം നിലവിൽ വന്നു.

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ?

(സി) സാങ്കേതിക വിദ്യയുടെ ഉപയോഗം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന ശിപാർശ നൽകുന്നതു വരെയുള്ള മേഖലയിൽ വ്യാപിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളുമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുന്നോട്ട് പോകുന്നു. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിൽ പി.എസ്.സി. സ്വന്തമായി ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ഓൺലൈൻ പരീക്ഷാ കേന്ദ്ര നിർമ്മാണം പുരോഗമിക്കുന്നു. സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് വികേന്ദ്രീകൃതമായ സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ട്. (ആസ്ഥാന ആഫീസിൽ എത്തണമെന്ന ആവശ്യം വേണ്ടി വരുന്നില്ല.). NCA ഒഴിവുകൾ ആറുമാസത്തിനുള്ളിൽ പരിപൂർണ്ണമായും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

# KERALA PUBLIC SERVICE COMMISSION

## EVALUATION OF WORK – w.e.f 18.05.2006 to 17.05.2011

| Year | No.of Posts notified | No.of Posts for which exam held | No.of R/Ls finalised | No.of vacancies reproted | No.of candidates adviced. |
|---|---|---|---|---|---|
| 2006 (w.e.f 18.05.2006) | 145 | 125 | 256 | 24433 | 13959 |
| 2007 | 506 | 173 | 320 | 30951 | 23136 |
| 2008 | 395 | 202 | 414 | 23451 | 25762 |
| 2009 | 508 | 239 | 595 | 33401 | 43262 |
| 2010 | 500 | 213 | 813 | 48821 | 44272 |
| 2011 (up to 17.05.11) | 115 | 72 | 198 | 13739 | 15017 |
| **Total** | **2169** | **1024** | **2596** | **1,74,796** | **1,65,408** |

## EVALUATION OF WORK – w.e.f 18.05.2011 to 30.10.2015

| Year | No.of Posts notified | No.of Posts for which exam held | No.of R/Ls finalised | No.of vacancies reproted | No.of candidates adviced. |
|---|---|---|---|---|---|
| 2011 (w.e.f 18.05.2011) | 438 | 111 | 358 | 38139 | 18136 |
| 2012 | 1414 | 375 | 730 | 26657 | 28425 |
| 2013 | 964 | 364 | 608 | 24657 | 39183 |
| 2014 | 1164 | 378 | 804 | 25009 | 28270 |
| 2015(up to 31.10.15) | 429 | 712 | 495 | 24476 | 25178 |
| **Total** | **4409** | **1940** | **2995** | **1,38,938** | **1,39,192** |

S.O